കേരള സഹകരണ റിസ്ക്ക് ഫണ്ട് പദ്ധതി 1-4-2008 മുതലാണ് നടപ്പിലാക്കി വരുന്നത്. ടി പദ്ധതിയുടെ നടത്തിപ്പിന് കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. കേരള സഹകരണ റിസ്ക്ക് ഫണ്ടിന്റെ മാനേജർ കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിലെ സെക്രട്ടറിയാണ്.

(ബി) കഴിഞ്ഞ രണ്ട് വർഷക്കാലയളവിൽ 1,31,14,274.25 രൂപയുടെ ബാദ്ധ്യത എഴുതിത്തള്ളിയിട്ടുണ്ട്.

(സി) ഇതിനകം 1112 വായ്പാ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ കേരള സഹകരണ റിസ്ക്ക് ഫണ്ട് പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

(ഡി) എല്ലാ വായ്പാ സഹകരണസംഘങ്ങളിലും/ബാങ്കുകളിലും കേരള സഹകരണ റിസ്ക്ക് ഫണ്ട് പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

കൃഷി ഫാമുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി

9 (*429) ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി ഫാമുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ഫാമുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പ്രത്യേക സഹായം നൽകുമോയെന്ന് വെളിപ്പെടുത്തുമോ ;

(സി) ഫാമുകളിൽ വിത്തു ശേഖരണത്തിനും, വിത്തു സംസ്ക്കരണത്തിനും ആവശ്യമായ സൗകര്യം ഏർപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ ;

(ഡി) ഫാമുകളുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ ;

(ഇ) നടീൽ വസ്തുക്കളുടെ ഗുണമേൻമ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) :

(എ) സംസ്ഥാനത്തെ മുഴുവൻ കൃഷി ഫാമുകളുടേയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി നിരവധി പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കിവരുന്നു. കൃഷി വകുപ്പിന്റെ കീഴിൽ ആകെ 61 ഫാമുകളാണ് ഉള്ളത്. ഇവയിൽ 33 സംസ്ഥാന വിത്തുല്പാദന കേന്ദ്രങ്ങളും 10 ജില്ലാ കൃഷി ഫാമുകളും 10 സ്പെഷ്യൽ ഫാമുകളും 8 തെങ്ങിൻതൈ ഉൽപ്പാദന കേന്ദ്രങ്ങളും ഉൾപ്പെടുന്നു. ത്രിതല പഞ്ചായത്ത് രാജ് സംവിധാനം നിലവിൽ

LIBRARY ARCHIVES Kerala Legislative Assembly

വന്നതോടെ പ്രത്യേക വിഭാഗത്തിലെ ഫാമുകൾ ഒഴികെ മറ്റുള്ളവ ജില്ലാ പഞ്ചായത്തിന്റെ മേൽനോട്ടത്തിനായി വിട്ടുകൊടുത്തിട്ടുണ്ട്. കൈമാറ്റം ചെയ്യപ്പെട്ട ഫാമുകളുടെ വരുമാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതു ഫണ്ടിലേക്ക് മാറ്റുകയും ആ ഫണ്ട് ഉപയോഗിച്ച് അതാത് ഫാമുകളുടെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും അറ്റകുറ്റപണികൾക്കായി വിനിയോഗിക്കുകയും ചെയ്യുന്നു. കൃഷി വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള 10 സ്പെഷ്യൽ ഫാമുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി 2009-2010 വർഷം 110 ലക്ഷം രൂപ അനുവദിക്കുകയും അതിൽ 109.46 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. 2010-11 വർഷത്തിൽ പദ്ധതി നടത്തിപ്പിനായി 175 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. നെല്ലിയാംപതി ഓറഞ്ച് & പച്ചക്കറി തോട്ടത്തിന്റെ ചെയിൻ ലിങ്ക്ഡ് ഫെൻസിംഗിനും സ്റ്റാഫ് ക്വാർട്ടേഴ്സ് അറ്റകുറ്റപണികൾക്കുമായി 68.15 ലക്ഷം രൂപയും, മുണ്ടേരി വിത്തുകൃഷി തോട്ടത്തിന് പുതിയ പമ്പ്സെറ്റ് വാങ്ങുന്നതിനും വൈദ്യുതി വേലിയുടെ റിപ്പയറിംഗിനുമായി 2 ലക്ഷം രൂപയും, അടൂർ ഗ്രാളിമുഖ കശുമാവ് പ്രജനന തോട്ടത്തിന്റെ ഓഫീസ് കെട്ടിടത്തിന്റെ റിപ്പയറിനായി ഒരു ലക്ഷം രൂപയും, പെരിങ്ങമ്മല ബനാന നഴ്സറിയുടെ ട്രാക്ടർ റിപ്പയറിനായി 0.5 ലക്ഷം രൂപയും കൊട്ടാരക്കര കശുമാവ് തോട്ടത്തിൽ മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് നിർമ്മിക്കുന്നതിനും സ്റ്റോർ മുറിയുടെ അറ്റകുറ്റപണികൾക്കുമായി 1.25 ലക്ഷം രൂപയും, ഇടുക്കി സംസ്ഥാന പച്ചക്കറി തോട്ടത്തിലെ ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി 1.50 ലക്ഷം രൂപയും, മലമ്പുഴ ഹോർട്ടികൾച്ചർ ഡെവലപ്പ്മെന്റ് ഫാമിലെ കുടിവെള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഒരു ലക്ഷം രൂപയും പന്തളം കരിമ്പു വിത്തുല്പാദന കേന്ദ്രത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി 2 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. നെല്ലിയാംപതി ഓറഞ്ച് & വെജിറ്റബിൾ ഫാം ഒരു ദേശീയ ഹോർട്ടി സെന്ററാക്കി വിപുലീകരിക്കുവാനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) ഫാമുകളുടെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പ്രത്യേക സഹായം നൽകുന്നുണ്ട്. കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 10 സ്പെഷ്യൽ ഫാമുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി 2009-2010 വർഷത്തിൽ 15 ലക്ഷം രൂപ അനുവദിക്കുകയും അതിൽ 14.75 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. 2010-11 വർഷത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി 25 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൃഷി വകുപ്പിന്റെ പദ്ധതികൾക്ക് പുറമെ സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷന്റെ വിവിധ പദ്ധതികളും നടപ്പിലാക്കുന്നുണ്ട്.

(സി) ഫാമുകളിൽ വിത്തു ശേഖരണത്തിനും വിത്തു സംസ്ക്കരണത്തിനും ആവശ്യമായ സൗകര്യം നിലവിലുണ്ട്. 2009-2010 വർഷത്തിൽ വിവിധ ഫാമുകളിലായി 728.331 മെട്രിക് ടൺ നെൽവിത്തും 7540 കി. ഗ്രാം പച്ചക്കറി വിത്തും ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. 8 കോക്കനട്ട് നഴ്സറികൾ വഴി 2010 നടീൽ സീസണിലേക്ക് 429855 തെങ്ങിൻ തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തു. 2011 നടീൽ സീസണിലേക്ക് 896152 വിത്തു തേങ്ങകൾ സംഭരിച്ച് ഫാമുകളിൽ നട്ടു കൊണ്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കൃഷി വകുപ്പിൽ ആകെ 61 ഫാമുകളാണ് ഉള്ളത്. ഇതിൽ 10 ജില്ലാ കൃഷി തോട്ടങ്ങളുടേയും കൂടി ആകെ വിസ്തൃതി 559.7 ഹെക്ടർ ആണ്. അതിൽ 499.94 ഹെക്ടർ സ്ഥലത്തും വിവിധ വിളകൾ കൃഷി ചെയ്യുന്നു. 8 കോക്കനട്ട് നഴ്സറികൾക്കായുള്ള 30.96 ഹെക്ടർ സ്ഥലത്തിൽ 27.98 ഹെക്ടർ സ്ഥലത്തും കൃഷി ചെയ്യുന്നു. 33 സംസ്ഥാന വിത്തുൽപാദന കേന്ദ്രങ്ങളാണ് ഉള്ളത്. ആകെ 366.688 ഹെക്ടർ സ്ഥലം ഉള്ളതിൽ 309.803 ഹെക്ടർ സ്ഥലം ഇപ്പോൾ കൃഷിക്കായി ഉപയോഗിച്ചുവരുന്നു. കൂടാതെ 8 പ്രത്യേക് ഫാമുകൾക്കായിട്ടുള്ള 1125.78 ഹെക്ടർ സ്ഥലത്തിൽ 845.7 ഹെക്ടർ സ്ഥലവും വിവിധ വിളകളുടെ കൃഷിക്കായി ഉപയോഗിച്ചുവരുന്നു.

(ഇ) നടീൽ വസ്തുക്കളുടെ ഗുണമേൻമ വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്. പുതിയതരം ന്യൂക്ലിയർ നടീൽ വസ്തുക്കൾ കേരള കാർഷിക സർവ്വകലാശാലയിൽ നിന്നും വിവിധ ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും, നാഷണൽ സീഡ് കോർപ്പറേഷനിൽ നിന്നും വാങ്ങുന്നതിനും, പ്രജനന തോട്ടങ്ങളുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും, രോഗ വിമുക്തമായ ഗുണമേൻമയുള്ള നടീൽ വസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്നതിനും ആവശ്യമായ തുക പദ്ധതിവിഹിതമായി നൽകുന്നുണ്ട്.

നാളികേര ഉൽപ്പാദനം

10 (*430) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ നാല് വർഷത്തിനിടെ കേരളത്തിന്റെ നാളികേര ഉൽപ്പാദനത്തിൽ ഗണ്യമായ കുറവ് ഉണ്ടായതായി കേര വികസന ബോർഡ് കണ്ടെത്തുകയുണ്ടായോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) കേരളത്തിൽ എത്ര ഹെക്ടർ സ്ഥലത്ത് തെങ്ങുകൃഷി ചെയ്തു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) നാളികേരത്തിന്റെ ഉൽപ്പാദനക്ഷമത സംസ്ഥാനത്ത് കൂടുകയുണ്ടായോ ; എങ്കിൽ ഒരു ഹെക്ടർ സ്ഥലത്ത് നിന്ന് മുമ്പ് ലഭിച്ചിരുന്നതും ഇപ്പോൾ ലഭിക്കുന്നതുമായ നാളികേരം എത്രയെന്ന് വ്യക്തമാക്കുമോ ;

(ഡി) നാളികേര ടെക്നോളജി മിഷനുകീഴിൽ കേരകൃഷിയെ പ്രോത്സാഹിപ്പിക്കാൻ വിവിധ പദ്ധതികൾക്ക് രൂപം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ ; എങ്കിൽ പദ്ധതികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) :

(എ) കഴിഞ്ഞ നാല് വർഷത്തിനിടയിൽ കേരളത്തിൽ നാളികേര ഉൽപ്പാദനത്തിൽ ഗണ്യമായ കുറവ് ഉണ്ടായതായി കേര വികസന ബോർഡ് കണ്ടെത്തൽ നടത്തിയതായി റിപ്പോർട്ട് ചെയ്തിട്ടില്ല. എന്നാൽ സാമ്പത്തിക അവലോകന റിപ്പോർട്ടിൽ നാളികേര ഉൽപ്പാദനത്തിൽ കുറവ് ഉണ്ടായതായി രേഖപ്പെടുത്തിയിട്ടുണ്ട്. 2008-09-ൽ മുൻ വർഷത്തെ അപേക്ഷിച്ച് 2.85% വർദ്ധനവും ഉണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly